**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4794** **19-03-2025 - ൽ മറുപടിയ്ക്ക്**

**കോട്ടയം ജില്ലയിൽ സാംസ്കാരിക വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സാംസ്കാരിക വകുപ്പ് കോട്ടയം ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോട്ടയം ജില്ലയിലെ മാന്നാനത്ത് ചാവറ കുര്യാക്കോസ് അച്ചൻ സ്മാരക മ്യൂസിയം നിർമ്മാണത്തിനായി 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ ഒരു കോടി പ്രഖ്യാപിച്ചിരുന്നു. ടി സ്മാരക മ്യൂസിയ നിർമ്മാണത്തിനായി 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ കോട്ടയം ജില്ലയിൽ ലളിതാംബിക അന്തർജനത്തിന്റെ നാമധേയത്തിൽ സ്ഥാപിക്കുന്ന സാംസ്കാരിക സമുച്ചയത്തിനായി ചങ്ങനാശ്ശേരി താലൂക്കിൽ കങ്ങഴ വില്ലേജിലെ 5 ഏക്കർ സ്വകാര്യഭൂമി സാംസ്കാരിക വകുപ്പിന് കൈമാറി കിട്ടിയിട്ടുണ്ട്. എന്നാൽ കിഫ്ബി ഫണ്ട് അപര്യാപ്തമായതിനാൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല. |
| (ബി) | ഏതെല്ലാം പ്രവൃത്തികൾക്കാണ് തുക അനുവദിച്ചതെന്നും ആയതിൽ എത്ര തുക ചെലവഴിച്ചുവെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ? | (ബി) | കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ മണ്ഡലത്തിലെ മാന്നാനത്ത് ചാവറ കുര്യാക്കോസ് അച്ചൻ സ്മാരക മ്യൂസിയം നിർമ്മാണത്തിനായി 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ ഒരു കോടി പ്രഖ്യാപിച്ചിരുന്നു. ടി സ്മാരക മ്യൂസിയ നിർമ്മാണത്തിന് 07.12.2023 ലെ സ.ഉ(സാധാ) നം.629/2023/സാം.കാ.വ ഉത്തരവ് പ്രകാരം 20,00,000/- ( ഇരുപത് ലക്ഷം രൂപ മാത്രം) അനുവദിക്കുകയും ടി തുക സ്ഥാപനത്തിന്റെ എസ്.റ്റി.എസ്.ബി അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുമുണ്ട്. കൂടാതെ കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ ചങ്ങനാശ്ശേരി താലൂക്കിൽ കങ്ങഴ വില്ലേജിലെ ബ്ലോക്ക് നം 20 ൽ 90/1, 90/1-1 എന്നീ സർവ്വേ നമ്പരുകളിൽ ഉൾപ്പെട്ട 5 ഏക്കർ സ്വകാര്യഭൂമി കിഫ്ബി അനുവദിച്ച 6,47,93,200/- രൂപയും സ്പെഷ്യൽ തഹസിൽദാർ എൽ.എ (കിഫ്ബി) കോട്ടയം വൈക്കത്തിനു അനുവദിച്ച് നൽകേണ്ട 45,36,826/- രൂപയും വിനിയോഗിച്ചുകൊണ്ട് വകുപ്പ് ഏറ്റെടുത്തു. |

| | | | |
|---|---|---|---|
| | | | ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ

A2/312/2022-CLAD
"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

**സാംസ്കാരികകാര്യ വകുപ്പ് - കോട്ടയം ജില്ലയിലെ മാന്നാനത്ത് ചാവറ കുര്യാക്കോസ് എലിയാസ് അച്ചൻ സ്മാരകമ്യൂസിയം നിർമാണത്തിനായി അധികധനാനുമതിയായി വകയിരുത്തിയ ഇരുപത് ലക്ഷം രൂപ അനുവദിച്ച് ഉത്തരവാകുന്നു.**

---

സാംസ്കാരികകാര്യ (എ) വകുപ്പ്

G.O.(Rt) No.629/2023/CLAD തീയതി,തിരുവനന്തപുരം, 07-12-2023

---

പരാമർശം:- 1. സ.ഉ.(സാധാ.) നം.359/2023/സാം.കാ.വ തീയതി. 08.08.2023

2. സാംസ്കാരികവകുപ്പ് ഡയറക്ടറുടെ 27.11.2023 തീയതിയിലെ പി2-989/23/ സാം.വ നമ്പർ കത്ത്

3. സ.ഉ.(സാധാ.) നം.8414/2023/ധന. തീയതി. 30.11.2023

**ഉത്തരവ്**

കോട്ടയം ജില്ലയിലെ മാന്നാനത്ത് ചാവറ കര്യാക്കോസ് ഏലിയാസ് അച്ചൻ സ്മാരക മ്യൂസിയം നിർമാണത്തിനായി 2022-23 സാമ്പത്തികവർഷത്തെ ബജറ്റ് പ്രസംഗത്തിൽ ഒരു കോടി രൂപ പ്രഖ്യാപിച്ചിരുന്നു. തുടർന്ന്, പരാമർശം (1) പ്രകാരം, ഈ പ്രവൃത്തിക്ക് ഭരണാനുമതി നൽകി ഉത്തരവായിരുന്നു. പരാമർശം (2) പ്രകാരം സാംസ്കാരികവകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ, മ്യൂസിയം നിർമാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ, M/s. ബി. എസ്. എസ്. പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം മുഖേന നടപ്പിലാക്കുന്നതിന് 20,00,000/- രൂപ (ഇരുപത് ലക്ഷം രൂപ മാത്രം) അധികധനാനുമതി മുഖാന്തിരം '2205-00-102-08-72' എന്ന പദ്ധതിയേതരശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്.

2. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ, മ്യൂസിയം നിർമാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കായി 20,00,000/- രൂപ (ഇരുപത് ലക്ഷം രൂപ മാത്രം) '2205-00-102-08-72' എന്ന പദ്ധതിയേതരശീർഷകത്തിൽ നിന്നും റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. തുക പൂർണമായി വിനിയോഗിച്ച ശേഷം, പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പിലെ ഉന്നതഉദ്യോഗസ്ഥരെക്കൊണ്ട് പരിശോധന നടത്തി ഗുണമേന്മയും, തുകയുടെ ശരിയായ വിനിയോഗവും ഉറപ്പ് വരുത്തിയ ശേഷം മാത്രമെ അടുത്തഗഡു അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സാംസ്കാരികവകുപ്പ് ഡയറക്ടർ സമർപ്പിക്കാൻ പാടുള്ളൂ.

3. തുക ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പറും അനുബന്ധവിശദാംശങ്ങളും സെന്റ് കുര്യാക്കോസ് ഏലിയാസ് ചാവറ പിൽഗ്രിം സെന്റർ ഡയറക്ടർ, സാംസ്കാരികവകുപ്പ് ഡയറക്ടറുടെ തിരുവനന്തപുരത്തെ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതും, ധനവിനിയോഗ സർട്ടിഫിക്കറ്റ് 3 മാസത്തിനകം സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരികവകുപ്പ് ഡയറക്ടർക്കും ലഭ്യമാക്കേണ്ടതുമാണ്.

4. അധികധനാനുമതി മുഖേന അനുവദിച്ചിട്ടുള്ള തുക, നടപ്പ് സാമ്പത്തികവർഷം അവസാനിക്കുന്നതിന് മുൻപായി ധനപുനർവിനിയോഗം വഴി ക്രമീകരിക്കുന്നതിനുള്ള സമയബന്ധിതനടപടികൾ സാംസ്കാരികവകുപ്പ് ഡയറക്ടർ കൈക്കൊള്ളേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JANARDHANAN K
ADDITIONAL SECRETARY

ഡയറക്ടർ, സാംസ്കാരികവകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, സെന്റ് കുര്യാക്കോസ് എലിയാസ് ചാവറ പിൽഗ്രിം സെന്റർ, മാന്നാനം, കോട്ടയം.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട്, തിരുവനന്തപുരം,
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരളം, തിരുവനന്തപുരം
ധനകാര്യ (വിദ്യാഭ്യാസ-സി) വകുപ്പ് ( E 2287678 EDN-C3/404/2022-FIN തീയതി 01.12.2023)
ധനകാര്യ (ഇൻസ്പെക്ഷൻ വിഭാഗം) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

-839-
807

P4

000968

08 ... 2023



**PROCEEDINGS OF THE CHIEF EXECUTIVE OFFICER**

**KERALA INFRASTRUCTURE INVESTMENT FUND BOARD,**

**THIRUVANANTHAPURAM**

**Present : Dr. K M Abraham CFA**

**ORDER NO : CAD001-17/APR-6/2023/KIIFB Dated:21-04-2023**

**Sub:** KIIFB Project : CAD001-17 : Lalithambika Antharjanam Cultural Complex at Kottayam - Land Acquisition - Revised Sanction for Funding - Orders Issued.

**Read:** 1. G.O (Ms) No.318/2017/CAD Dated 27/04/2017
2. G.O (Ms) No.479/2019/RD Dated 15/11/2018
3. Order No. CAD001-17/APR-6/2020/KIIFB Dated 28/03/2020
4. Order No.CAD001-17/APR-3/2022/KIIFB Dated 18/08/20222

Administrative Sanction has been accorded for the project "Lalithambika Antharjanam Cultural Complex at Kottayam" vide Government Order read 1st above, entrusting the execution of the work to M/s Kerala State Film Development Corporation [KSFDC] Ltd, as Special Purpose Vehicle.

Subsequently, as per Government Order read 2nd above, sanction has been accorded for acquiring 5 acres of land at Kangazha village in Changanassery Taluk and accordingly, based on the proposal submitted by M/s KSFDC, funding sanction has been issued by KIIFB for an amount of Rs.4.20 crore for Land Acquisition, vide Order read 3rd above. Further, funding was revised to Rs. 6,02,56,374/- for remitting the amount calculated by Revenue Dept. for issuing 19(1) Notification vide Order read 4th above.

Later, KSFDC has submitted a revision proposal for enhancing the total cost of Land Acquisition from Rs. 6,02,56,374/- to Rs. Rs. 6,47,93,200 /- (including the contingency charges paid and the interest amount to be paid to the land owner/s) for remitting to Revenue Department for which a detailed valuation statement with extended date and 12% interest for acquiring the proposed land has been prepared and recommended by the Special tahsildar, LA (KIIFB).

After having examined the proposal in detail, the sanction is accorded for revising the funding for acquiring land for the project **"CAD001-17: Lalithambika Antharjanam Cultural Complex at Kottayam"** enhancing the approved outlay from **Rs.6,02,56,374/- to Rs.6,47,93,200/-** *(Rupees Six crore Forty-Seven lakh Ninety-Three Thousand and Two Hundred Only)*, subject to the same conditions as mentioned in the Orders read 3rd & 4th above.

CamScanner

The order issued vide papers 3rd & 4th read above stands modified to the extent above.

Dr. K. M. Abraham CFA

Chief Executive Officer

To

The Secretary to Government, Cultural Affairs Department
The Director of Culture, Thiruvananthapuram
The Managing Director, KSFDC, Thiruvananthapuram
The Inspection Authority (AIW/TIW), KIIFB
Stock File /Office Copy /Nodal Officer (www.kiifb.kerala.gov.in)

Forwarded / By Order

ASST. PROJECT MANAGER

CamScanner